കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ആര്യനാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

**e-mail:lfadtvm@yahoo.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി. 5/2030/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി: 19.10.2017

ഫോൺ–0471-2331231

ഇ-മെയിൽ– lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

ആര്യനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആര്യനാട് ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ.റ്റി.വി.എം.ജി.പി.**5 /2030/2017**

തീയതി**: 19.10.2017**

## തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.11.2016 മുതൽ 02.10.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ പതിനൊന്ന് എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ ജമാലുദ്ദീൻ.എ, (ഡെപ്യൂട്ടി ഡയറക്ടർ)

ഓഡിറ്റിന് വിനിയോഗിച്ച സമയം : 03.10.2017മുതൽ 07.10.2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :
ശ്രീ.ഷിബു.റ്റി (ഓഡിറ്റ് ഓഫീസർ)
ശ്രീ.സുരേഷ്ബാബു ബി. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി ജയലക്ഷ്മി.ബി.കെ,(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.കോസല രാമദാസ് എ. (സീനിയർ ഗ്രേഡ് ഓഡിറ്റർ)

**(ബി)** നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി ഷാമില ബീഗം 01.04.2016 മുതൽ 31.03.2017 വരെ

സെക്രട്ടറി : ശ്രീ.ഹിൽക്ക് രാജ്.ആർ.എ 01.04.2016 മുതൽ 15.07.2016 വരെ

ശ്രീ.മോഹനൻ ചെട്ടിയാർ 16.07.2016 മുതൽ 31.03.2017 വരെ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സതീഷ് രാജ്.എസ്.ആർ | 01.04.2016 മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.ബിനോജ് | 01.04.2016 മുതൽ 10.07.2017 വരെ |

| | | |
|---|---|---|
| | ശ്രീ.സതീഷ് കുമാർ | 11.07.2017 മുതൽ 31.3.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി ശ്രീലത | 01.04.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ.പ്രകാശ് | 01.04.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.വിജയകുമാരി | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഹരികൃഷ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി ഉഷാകുമാരി | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ (1) വി.ഇ.ഒ (2) | ശ്രീ.അനിൽകുമാർ | 01.04.2016മുതൽ 15.11.2016വരെ |
| | ശ്രീമതി ബിന്ദു.എസ്.ടി | 16.11.2016മുതൽ 31.03.2017 വരെ |
| | ശ്രീമതി കോമളകുമാരി | 01.04.2016മുതൽ 11.10.2016 വരെ |
| | ശ്രീ.അഭിലാഷ് | 11.10.2016മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ശ്രീലത | 01.04.2016മുതൽ 07.03.2017വരെ |
| | ശ്രീമതി രശ്മി | 08.03.2017 മുതൽ 31.03.2017വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.രാജീവ് | 1.4.2016 മുതൽ 31.3.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | അഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം **- 2** | | |
| 12 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ | 2-1 | |
| 13 | വസ്തുനികുതി കുടിശ്ശിക – 4500137/- രൂപ | 2-2 | |
| 14 | തൊഴിൽ നികുതി ഈടാക്കുമ്പോൾ ആകെ വരുമാനം ഉറപ്പ് വരുത്തുന്നില്ല | 2-3 | |
| 15 | തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല | 2-4 | |
| 16 | ഡി & ഒ- മതിയായ രേഖകളുടെ അഭാവത്തിൽ ലൈസൻസ് അനുവദിക്കുന്നു. | 2-5 | |
| 17 | പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ലൈസൻസിനായുള്ള അപേക്ഷയിൽ ഉൾപ്പെടുത്തുന്നില്ല | 2-6 | |
| 18 | ട്രേഡേഴ്സ് ലിസ്റ്റ് / രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല | 2-7 | |
| 19 | ലേല കുടിശ്ശിക- 613665/- രൂപ- നടപടി അനിവാര്യം | 2-8 | |
| | ഭാഗം**-3** | | |
| 20 | എർത്ത് ഫില്ലിംഗിന് അധിക നിരക്കനുവദിച്ചു- 13596/- രൂപ നിരാകരിക്കുന്നു | 3-1 | |
| 21 | മരാമത്ത് പ്രവൃത്തികൾ– അവലോകനം | 3-2 | |
| 22 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി- അവലോകനം | 3-3 | |
| 23 | ആട്ടിൻകുട്ടി വളർത്തൽ പദ്ധതി(ടി.എസ്.പി)- അപാകതകൾ– തടസ്സം 30000/- | 3-4 | |
| 24 | വയോജനങ്ങൾക്ക് പ്രത്യേക ഗൃഹപരിപാലനം- അപാകതകൾ– തടസ്സം 78939/- | 3-5 | |
| 25 | ഹെഡ്മാസ്റ്റർ വകയിരുത്തിയ പദ്ധതികൾക്ക് ചെലവ് നടത്തിയിട്ടില്ല | 3-6 | |
| 26 | ആട് വളർത്തൽ (എസ്.സി.പി)- അപാകതകൾ– തടസ്സം 60000/- | 3-7 | |
| 27 | മഴക്കാല പൂർവ്വശുചീകരണം- ചെലവ് രേഖകൾ ഹാജരാക്കിയില്ല- 240000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു | 3-8 | |
| 28 | ആയുർവ്വേദ ആശുപത്രിക്ക് ഡി.ഡി.പ്രകാരമുള്ള മുഴുവൻ തുകക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല- 115435 /-രൂപ തടസ്സപ്പെടുത്തുന്നു. | 3-9 | |
| 29 | തെരുവുവിളക്ക് ലൈൻ നീട്ടൽ– കെ.എസ്.ഇ.ബി.യിൽ നിന്നും കൈപ്പറ്റ് രസീത്,വിനിയോഗ സാക്ഷ്യപത്രം എന്നിവ | 3-10 | |

| | | | |
|---|---|---|---|
| | ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു. 1668600/-രൂപാ | | |
| 30 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - അപാകതകൾ. 86409/- തടസ്സപ്പെടുത്തുന്നു | 3-11 | |
| 31 | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ–തുക വാട്ടർ അതോരിറ്റിക്ക് തുക കൈമാറിയിട്ടില്ല | 3-12 | |
| 32 | പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കൽ–അപാകതകൾ–ആദായ നികുതി നഷ്ടം 1264/- രൂപാ . തടസ്സം 38171/-രൂപ | 3-13 | |
| 33 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തതു മൂലം നഷ്ടം. | 3-14 | |
| 34 | തനത് വരുമാനം ഒറ്റ അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ് | 3-15 | |
| 35 | അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചിട്ടില്ല | 3-16 | |
| 36 | ശുചിത്വ കക്കൂസ് നിർമ്മാണം - തുക മുൻകൂർ പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 3-17 | |
| 37 | വി.ഇ.ഒ. ഒറിജിനൽ ബിൽ ബുക്ക് സൂക്ഷിക്കുന്നില്ല | 3-18 | |
| 38 | ഗുണഭോക്തൃലിസ്റ്റിലില്ലാത്തവർക്ക് സബ്സിഡിയനുവദിച്ചു | 3-19 | |
| 39 | ആട്ടുവളർത്തൽ(ജനറൽ)-അപാകതകൾ– തടസ്സം 108000/- രൂപ | 3-20 | |
| 40 | മുട്ടക്കോഴി വളർത്തൽ–വനിത(ടി.എസ്.പി)-രേഖകൾ ഹാജരാക്കിയില്ല- തടസ്സം-11250/-രൂപ | 3-21 | |
| | <u>ഭാഗം **- 4**</u> | | |
| 41 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 46 | ഓഡിറ്റ് റിക്കവറി | 4-6 | |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

<u>ധനകാര്യ വിശകലനം</u>

| | പ്രതീക്ഷിതം | യഥാർത്ഥം | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 182366748 | 69135704 | 113231044 |
| ചെലവ് | 180474850 | 51149156 | 129325694 |
| നീക്കിയിരിപ്പ് | 1891898 | 17986548 | 16094650 |

ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് ചെലവുകൾ യഥാർത്ഥ വരവുചെലവുകളേക്കാൾ വളരെ കൂടുതലാണ്. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 26.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 3.10.2017 | അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 14052881
വരവ് : 55082823
ആകെ : 69135704
ചെലവ് : 51149156
നീക്കിയിരിപ്പ് : 17986548

## 1-5 ഫണ്ട് വിനിയോഗം (ധനകാര്യ പത്രിക പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15158730 (*) | 15158730 | 15158730 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 3358591 | 3358591 | 3358591 | 0 | 100% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1709409 | 1709409 | 1709409 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 1378514 | 1378514 | 1378514 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 1986430 | 1986430 | 1986430 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7135703 | 7135703 | 7135703 | 0 | 100% |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 100% |
| ബി ഫണ്ട് | 0 | 1202760 | 1202760 | 1202760 | 0 | 100% |
| ജനറൽ പർപ്പസ് ഗ്രാന്റ് | 11615064 | 9228804 | 20843868 | 10801213 | 10042655 | 52% |

(*) ACR പ്രകാരമുള്ള യഥാർത്ഥ വരവ്/ചെലവ് 15163140/- രൂപയാണ്. എ.എഫ്.എസ്.ൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 271 | 93255855 | 129 | 31802374 | 21 | 121 | 39.48% |

## 1-7 തനതുവരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | | | |
| തൊഴിൽ നികുതി | 1691425 | 1905110 | 213685 |
| കെട്ടിട നികുതി | 1266842 | 2213574 | 946732 |
| വിനോദ നികുതി | 2000 | 0 | -2000 |
| നികുതിയേതര വരവുകൾ | | | |

| | | | |
|---|---|---|---|
| ലേലം | 941255 | 3250 | -938005 |
| ഡി&ഒ ലൈസൻസ് | 39500 | 68800 | 29300 |
| ഷോപ്പിംഗ് കോംപ്ലക്സ് | 29000 | 45180 | -16180 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 782760 | 880 |
| കർഷക തൊഴിലാളി പെൻഷൻ | 5471100 | 2911 |
| വിധവാപെൻഷൻ | 16552825 | 7357 |
| വാർദ്ധക്യകാല പെൻഷൻ | 18089200 | 7028 |
| വികലാംഗ പെൻഷൻ | 3372300 | 1550 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 681600 | 316 |
| മിശ്രവിവാഹ ധനസഹായം | 40000 | 1 |
| വിധവകളായ അമ്മമാരുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 380000 | 14 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.10.2017 രാവിലെ 11 മണിക്ക് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16822/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ട്രേഡേഴ്സ് രജിസ്റ്ററിലെ മുഴുവൻ പേരേയും ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും, സ്ഥാപനനികുതിയും നിർണയിച്ച് ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷനില്ലാതെയും രജിസ്ട്രേഷൻ പുതുക്കാതെയും അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കുമ്പോൾ ആകെ അർദ്ധവാർഷിക വരുമാനത്തിൽ എല്ലാ വരുമാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതി ഈടാക്കി നികുതിയിനത്തിലെ വരുമാന നഷ്ടം

ഒഴിവാക്കേണ്ടതാണ്.

വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി നിൽക്കുന്ന മുഴുവൻ തുകയും പിരിച്ചെടുക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന മുഴുവൻ പ്രോജക്ടുകളും നടപ്പിലാക്കേണ്ടതും വികസനമേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതുമാണ്.തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകേണ്ടതാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ജനക്ഷേമത്തിന്/ സാമൂഹ്യനന്മയ്ക്ക് പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുന്നവർക്ക് ലഭ്യമാക്കാൻ പറ്റുന്ന തൊഴിലവസരങ്ങൾ ഉണ്ടെങ്കിൽ ആയത് അത്തരക്കാർക്ക് ഉറപ്പ് വരുത്തേണ്ടതാണ്.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, തരം എന്നീ വിവരങ്ങൾ രേഖപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്. പവർ ഡിപ്പാർട്ട്മെന്റിന്റെ 23.03.1997-ലെ 13-ാം നം. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ഉപഭോഗത്തിനനുസൃതമായാണ് വൈദ്യുത ചാർജ്ജ് ഒടുക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. മീറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

രജിസ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. അഡ്വാൻസ് രജിസറ്റർ, ഡെപ്പോസിററ് രജിസ്ററർ തുടങ്ങിയവ നിയമാനുസൃതമായി പരിപാലിക്കേണ്ടതാണ് .

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.08.2017 | 30.06.2017 | 15.09.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.03.2015 | 2009-10 to 2013-14 | 12.08.2015 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ

2016-17-ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു

1. B4 ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന TSC (code-320100115), ICDS (code-320100121), Grant from central Govt (code-320100199), Grant for Lakshamveedu (code-320200399) എന്നീ ഇനങ്ങളിലെ നീക്കിയിരിപ്പ് തനത് ഫണ്ടിനോടൊപ്പമാണ് സൂക്ഷിച്ചിരിക്കുന്നത്. പ്രസ്തുത തുകകൾ അതതു പദ്ധതിചെലവുകൾക്ക് ഉപയോഗിക്കയോ, അതാത് ഹെഡിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.
2. ലോൺ രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം 1946850/- രൂപ ലോൺ അടച്ചതായി കാണിച്ചിരിക്കുന്നു. എന്നാൽ ധനകാര്യപത്രിക പ്രകാരം ലോൺതിരിച്ചടവ് 1492850/-
3. ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതിയിട്ടില്ലാത്തതിനാൽ ധനകാര്യ പത്രികയിൽ ആയതിന്റ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല
4. B-9 ഷെഡ്യൂൾ പ്രകാരം Library Cess, VAT എന്നീ ഇനങ്ങളിൽ യഥാക്രമം 86716.35, 21695 എന്നിങ്ങനെ തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കാൻ ബാക്കി നിൽക്കുന്നു
5. ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല
6. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല
7. B11-(a) പ്രകാമുള്ള Capital Work in Progress തുക (1689702) AE പാർട്ട്പേയ്മെന്റ് നടത്തിയ

തുകയുമായി പൊരുത്തപ്പെടുന്നില്ല

8. ബി.18 - ഷെഡ്യൂളിൽ ഉൾപ്പെട്ട Temporary Advance for official purposes (1500/-), TA Advance (1200/-), Advance to implementing Officers (220856), Other Advance(200000/-), ElecricityDeposit (2322) ഇനങ്ങളിൽ നൽകിയ അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച യാതൊരു രേഖയും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.
9. സമർപ്പിച്ച രേഖകൾ പ്രകാരം ഡെപ്പോസിറ്റ് വർക്കിന് കെ.എസ്.സി.ബി യ്ക്ക് 1755009/- രൂപയും, കെ.ഡബ്ല്യൂ.എ-യ്ക്ക് 24780/-രൂപയും നൽകിയിട്ടുണ്ട് (വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല). എന്നാൽ ആയത് B18-ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല
10. ഹാജരാക്കിയ റിപ്പോർട്ട് പ്രകാരം MNREGS-EFMS വരവ്/ചെലവ് , MNREGS-Admin വരവ്, ചെലവ് എന്നിവ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല
11. വസ്തുനികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകയും എ.എഫ്.എസ് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.
12. General ledger Trial Balance -ലെ Excess of income over expenditure മുന്നിരിപ്പ് 15-16-ലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.
13. തനത് വരവിനങ്ങളുടെ രജിസ്റ്ററിൽ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി യിട്ടില്ലാത്തതിനാൽ വിവിധ വരവിനങ്ങളിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല
14. RP 31- പ്രകാരമുള്ള 542570, 577381, 4259594, 480000 എന്നീ വരവ് തുകകളുടേയും, RP-7 പ്രകാരമുള്ള വരവ് തുക 47563 എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ(സർക്കാർ ലെറ്റർ/ചെക്ക് /ഡി.ഡി) ഹാജരാക്കേണ്ടതാണ്
15. Developement Fund(General) ACR പ്രകാരമുള്ള തുകയും (15163140) ധനകാര്യപത്രിക പ്രകാരമുള്ള തുകയും(15158730) പൊരുത്തപ്പെടുന്നില്ല
16. ധനകാര്യപത്രിക പരിശോധിച്ചതിൽ വിമുക്തി പദ്ധതിക്കായി 25000/-രൂപ നീക്കിയിരുപ്പുണ്ട്. പദ്ധതി നടപ്പാക്കിയിട്ടില്ല
17. ലേലം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ 6,13,665/-രൂപ തൻവർഷം കുടിശ്ശികയുണ്ട്. എന്നാൽ ധനകാര്യ പത്രിക പ്രകാരമുള്ള കുടിശ്ശിക 3,78,596/- രൂപയാണ്
18. Financial help for intercaste marriage (160100308) എന്ന ക്ഷേമ പെൻഷൻ വിശദാംശം I 14(d)-യിൽ ഉൾപ്പെട്ടിട്ടില്ല.
19. തനത് ഫണ്ടിനായി ട്രെഷറി അക്കൗണ്ടിനുപുറമെ നാല് ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു

## 2-2 വസ്തുനികുതി കുടിശ്ശിക – 4500137 /- രൂപ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203പ്രകാരം ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾക്ക് നിർണയിക്കുന്ന വസ്തുനികുതി തുടർന്നുള്ള വർഷങ്ങളിൽ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. വസ്തുനികുതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി.പത്രിക, വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2016-17 സാമ്പത്തിക വർഷം അരിയറും കറന്റും ഉൾപ്പെടെ **4500137/-** രൂപ വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടുവാനുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനമായ വസ്തുനികുതി പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്ത് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഇത്രയും വലിയൊരു തുക വസ്തുനികുതിയിനത്തിൽ കുടിശ്ശിക വരുമായിരുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243 പ്രകാരം പ്രസ്തുത തുക പിരിച്ചെടുക്കാതിരുന്നാൽ ഗ്രാമപഞ്ചായത്തിന് ടി തുക നഷ്ടപ്പെടുന്നതാണ്. വസ്തുനികുതിയുടെ അരിയറും കറന്റും ഉൾപ്പെടെയുള്ള വർഷം തിരിച്ചുള്ള കുടിശ്ശിക നിർണയിച്ച് റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കുമ്പോൾ ആകെ വരുമാനം ഉറപ്പ് വരുത്തുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 204(3) പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടകബത്ത, സി.സി.എ, യാത്രാ അലവൻസ്, യാത്രാ സൗകര്യ അലവൻസ് എന്നിവയൊഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള ആകെ അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്.

എന്നാൽ വിവിധ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികയിലെ ജീവനക്കാരുടെ ആകെ അർദ്ധ വാർഷിക

വരുമാനത്തിൽ ആർജ്ജിതാവധി പണമാക്കൽ, ബോണസ്സ്/ഉത്സവബത്ത എന്നിവ ഉൾപ്പെടുത്തിക്കാണുന്നില്ല. ആയതിനാൽ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികയിൽ പറയുന്ന ആകെ അർദ്ധവാർഷിക വരുമാനത്തിൽ പ്രസ്തുത വരുമാനം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണയിച്ച് ഈടാക്കേണ്ടതാണ്

## 2-4 തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികകളെ അടിസ്ഥാനമാക്കിയാണ് ഗ്രാമപഞ്ചായത്ത് രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽനികുതിയും സ്ഥാപനനികുതിയും ഈടാക്കിയിട്ടുള്ളത്. കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ ഓഡിറ്റിനായിട്ടില്ല. ആയതിനാൽ 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 5മാതൃകയിൽ രജിസ്റ്ററുകൾ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എങ്കിൽ മാത്രമേ പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഒടുക്ക് വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളു.

## 2-5 ഡി & ഒ- മതിയായ രേഖകളുടെ അഭാവത്തിൽ ലൈസൻസ് അനുവദിക്കുന്നു.

ഡി. ആന്റ് ഒ. ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകളും മറ്റ് രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, ആരോഗ്യവകുപ്പിൽനിന്നുള്ള സാനിറ്ററി സർട്ടിഫിക്കറ്റ്, ഭക്ഷ്യവസ്തുക്കൾ ഉണ്ടാക്കുന്ന/വിൽപന നടത്തുന്ന/ സംഭരിക്കുന്ന വ്യാപാരസ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ഹെൽത്ത് കാർഡ് (ആവശ്യമായവയ്ക്ക്), എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കാത്ത കച്ചവടസ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 2-6 പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ലൈസൻസിനായുള്ള അപേക്ഷയിൽ ഉൾപ്പെടുത്തുന്നില്ല

ജി.ഒ (ആർ.ടി.) 795/2007/ത.സ്വ.ഭ.വ, തിയതി. 16-03-2007 ലെ സർക്കാർ ഉത്തരവ് പ്രകാരം ഡി.ആന്റ്.ഒ. ലൈസൻസിനായി അപേക്ഷിക്കുമ്പോൾ അപേക്ഷകൻ അപേക്ഷയോടൊപ്പം പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. പ്രസ്തുത ഉത്തരവനുസരിച്ച് 30മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പാലിക്കുന്നുവെന്നുള്ള സാക്ഷ്യപത്രം അപേക്ഷകൻ നൽകണമെന്നിരിക്കെ ആയത് ഹാജരാക്കാതെയുള്ള കച്ചവട സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകിയിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 2-7 ട്രേഡേഴ്സ് ലിസ്റ്റ്/രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നല്കലും) ചട്ടം 3പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ എഴുതി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആലച്ചൽക്കോണം, വട്ടപ്പറമ്പ് എന്നീ വാർഡുകളിലെ ഒരു സ്ഥാപനം പോലും ഇതിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് മേഖലയിലെ മുഴുവൻ കച്ചവട സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. എങ്കിൽ മാത്രമേ ലൈസൻസ് എടുക്കാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളു.

## 2-8 ലേല കുടിശ്ശിക – 613665/- രൂപ നടപടി അനിവാര്യം

ആര്യനാട് പബ്ലിക് മാർക്കറ്റിലെ സ്റ്റാളുകൾ ഉൾപ്പെടെ ഗേറ്റ് പിരിവിന്റെ ലേലം ശ്രീ. ഷാജീവ്, മംഗളോദയം, ഇറവൂർ, ആര്യനാട് - 920500/- രൂപയ്ക്ക് 2016-17ൽ ലേലം കൊണ്ടതിൽ ആദ്യ ഗഡുവായി 3,06,835/- രൂപ മാത്രമാണ് നാളിതുവരെ അടവാക്കിയിട്ടുള്ളത്. ലേല കുടിശ്ശികയിനത്തിൽ 613665/- രൂപ നിലനിൽക്കുന്നു. ടി വിഷയത്തിന്മേൽ 5.10.2017ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ചുവടെ ചേർക്കും പ്രകാരം ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലേല കരാർ വ്യവസ്ഥ പ്രകാരമുള്ള ബാക്കി തുകയ്ക്ക് ബി1/6988/16 നമ്പർ കത്ത് പ്രകാരം ആർ.ആർ. നോട്ടീസ് നൽകുകയും നോട്ടീസ് കാലാവധിക്കുള്ളിൽ തുക അടവാക്കാത്തതിനാൽ തുടർനടപടി സ്വീകരിക്കുന്നതിനായി വിഷയം പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും 30.3.2017ലെ V(II)-ാം നമ്പർ തീരുമാനപ്രകാരം അടവാക്കാനുള്ള തുകയും പലിശയും മേൽപ്പടിയാനിൽ നിന്നും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികളിലൂടെ ഈടാക്കുന്നതിന് തീരുമാനിക്കുകയും കേസ് ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റിനെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം കേസ് ഫയൽ ചെയ്യുന്നതിന് ഫയൽ അഡ്വക്കേറ്റിന് കൈമാറുകയുണ്ടായി എന്നും കേസിലൂടെ തുക ഈടാക്കുന്നതാണെന്നും ഗ്രാമപഞ്ചായത്ത് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന് ഉണ്ടായ ഭീമമായ നഷ്ട തുക സമയബന്ധിതമായി ഈടാക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിട്ടുള്ളത്. അടിയന്തിര നിയമനടപടികളിലൂടെ ലേല കുടിശ്ശിക തുകയും ആയതിന്റെ പിഴപ്പലിശയും ഈടാക്കി വിവരം ആഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എർത്ത് ഫില്ലിംഗിന് അധിക നിരക്കനുവദിച്ചു. - 13596/- രൂപ നിരാകരിക്കുന്നു.

| | | |
|---|---|---|
| പദ്ധതിയുടെ പേര് | : | ചാമവിള ബണ്ടുനിർമ്മാണം |
| പദ്ധതി നമ്പർ | : | SO 44/17 (143/16) |
| അടങ്കൽ തുക | : | 2,00,000/- |
| ചെലവ് തുക | : | 1,82,115/- |
| അളവ് പുസ്തകം | : | 735/15-16 |
| ഫണ്ടിനം | : | വികസനഫണ്ട്(പൊതുവിഭാഗം) |
| ബിൽ നം. | : | 1. 112/15-16 തീയതി.26.03.16 – 114716/-<br>2. 27/16-17 തീയതി.31.03.17- 67399/- |
| കൺവീനർ | : | ശ്രീമതി രാജി.എൽ, നന്ദനം, പറമ്പിൻതല, ചാമവിള, ആര്യനാട് |

ടി പ്രവൃത്തിയുടെ നാലാം ഇനമായി ഉൾപ്പെട്ടിരിക്കുന്നത് 'filling earth cut and conveyed from available sources in trenches, plinths, sides of foundation......" എന്ന ഇനമാണ്. ടി പ്രവൃത്തിക്ക് അനുവദിച്ചിരിക്കുന്ന നിരക്ക് 360/m3 ആണ്. എന്നാൽ 06.10.17-ലെ ഓഡിറ്റ് എൻക്വയറി നം. 25-ന് നൽകിയ മറുപടിയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതോ പഞ്ചായത്ത് അനുവാദം നേടിയതോ ആയ

സ്ഥലത്തുനിന്നും മണ്ണെടുക്കുന്നതിന് കൺവീനറെ ചുമതലപ്പെടുത്തിയിട്ടില്ല എന്നറിയിച്ചു (അസി. എൻജിനീയറുടെ 07.10.17ലെ D1/10/AE/LSGD/2017-18). ആയതിനാൽ ടി പ്രവൃത്തിക്ക് അനുവദിക്കേണ്ടിയിരുന്നത് "filling earth with contrctors own earth (here convenor) in trenches, plinths, sides of foundation etc.....”എന്ന ഇനത്തിന്റെ നിരക്കാണ്. ടി പ്രവൃത്തിക്ക് തയ്യാറാക്കിയിരിക്കുന്ന OD പ്രകാരം നിരക്ക് 262.48/m3 ആണ്.

അധികമായി നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ചെയ്ത പ്രവൃത്തിയുടെ അളവും അനുവദിച്ച തുകയും 139.42 m3 X 360/ $\mathbf{m^3}$ = 50191.20/-

അനുവദിക്കേണ്ട തുക 139.42 $\mathbf{m^3}$ X 262.48/ $\mathbf{m^3}$ = 36596.00/-

അധികം നൽകിയ തുക = 13596.20

ഇതുമായി ബന്ധപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27തീയതി 07.10.2017) ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല.

അധികമായി നൽകിയ തുക 13,596/- രൂപ ഉത്തരവാദിയായ അസി. എൻജിനീയറിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 മരാമത്ത് പ്രവൃത്തികൾ- അവലോകനം

2016-17 സാമ്പത്തികവർഷത്തിൽ 141 മരാമത്ത് പ്രവൃത്തികൾ ചെയ്യുന്നതിനായി 3,97,71,460/- രൂപയാണ് വകയിരുത്തിയിരുന്നത്. 141 പ്രവൃത്തികളിൽ 25 പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിക്കുന്നതിന് സാധിച്ചത്. 25 പ്രവൃത്തികൾക്കായി 48,99,547/- രൂപ മാത്രമാണ് ചെലവഴിച്ചത്. അതായത് ആകെ അടങ്കൽ തുകയുടെ 12.32% തുകമാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്.

വിവിധ അക്കൗണ്ട് ഹെഡുകളിൽ വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് ഹെഡ് | വകയിരുത്തിയ തുക | ചെലവാക്കിയ തുക | ചെലവ് ചെയ്ത തുകയുടെ ശതമാനം |
|---|---|---|---|---|
| 1 | വികസനഫണ്ട് (പൊതുവിഭാഗം) | 3165736 | 743777 | 23.49% |
| 2 | വികസനഫണ്ട് (എസ്.സി.പി) | 2200000 | 987352 | 44.87% |
| 3 | വികസനഫണ്ട് (റ്റി.എസ്.പി) | 2021492 | 414159 | 20.48% |
| 4 | വികസനഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ് | 2691104 | 34314 | 1.27% |
| 5 | വികസനഫണ്ട് ലോക ബാങ്ക് സഹായം | 9277679 | 0 | 0 |
| 6 | കേന്ദ്രാവിഷ്കൃത ഫണ്ട് | 1200000 | 0 | 0 |
| 7 | തനത് ഫണ്ട് | 3661924 | 0 | 0 |
| 8 | മെയിന്റനൻസ് ഫണ്ട് (റോഡ്) | 11010902 | 1378514 | 12.51% |
| 9 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 4542623 | 1341431 | 29.52% |

ലോകബാങ്ക് സഹായ വികസന ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തുന്നതിന് സാധിച്ചില്ല. മാത്രമല്ല മരാമത്ത് പ്രവൃത്തികൾക്കായി നീക്കിവച്ച ആകെ അടങ്കൽ തുകയുടെ ഏകദേശം 88% തുക തൻവർഷം ഉപയോഗപ്പെടുത്താൻ സാധിച്ചില്ല. മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ വീഴ്ച ഭരണസമിതി ഗൗരവമായി

വിലയിരുത്തേണ്ടതാണ്.

## 3-3 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം

**I** രജിസ്ട്രേഷനും തൊഴിൽ നൽകലും

| ആകെ കുടുംബങ്ങളുടെ എണ്ണം | തൊഴിലിന് രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങൾ | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ | 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങൾ |
|---|---|---|---|---|
| 5134 | 3214 | 2888 | 3108 | 313 |

II വിഭാവനം ചെയ്തതും യഥാർത്ഥത്തിൽ നിർവ്വഹിക്കപ്പെട്ടതുമായ പദ്ധതികളുടെ വിശദാംശങ്ങൾ

| ഏറ്റെടുത്ത പദ്ധതികൾ | അടങ്കൽ തുക | നിർവ്വഹിച്ച പദ്ധതികൾ | നൽകിയ തൊഴിൽ ദിനങ്ങൾ | ലഭ്യമായ തുക | ചെലവ് തുക |
|---|---|---|---|---|---|
| 171 | 567.99 ലക്ഷം | 144 | 196357 | 464.52 ലക്ഷം | 464.52 ലക്ഷം |

III ഫണ്ട് ലഭിച്ചതും വിനിയോഗിച്ചതും

| മുന്നിരിപ്പ് | തൻവർഷ വരവ് | പലിശ | ആകെ | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1241 | 1417088 | 2624 | 1420953 | 953142 | 103944<br>363867 returned to own fund |

IV ആകെ നിർവ്വഹിച്ച പദ്ധതികൾ - തരം തിരിച്ച്

| ക്രമ നം. | പ്രവർത്തിയുടെ തരം | എണ്ണം |
|---|---|---|
| 1 | തോട് പുനരുദ്ധാരണം | 22 |
| 2 | ഭൂവികസനം | 104 |
| 3 | മഴക്കുഴി നിർമ്മാണം | 18 |

V ഓഡിറ്റ് നിരീക്ഷണങ്ങൾ

അവിദഗ്ദ്ധ മേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2016-17 വർഷത്തിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ല. ആകെ തൊഴിൽ കാർഡ് നേടിയ 2888 കുടുബംങ്ങളിൽ 313 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനം നൽകാൻ സാധിച്ചത്. കൂടുതൽ പദ്ധതികൾ ഏറ്റെടുത്ത് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും ആസ്തി സൃഷ്ടിക്കുന്നതിനുള്ള പ്രവൃത്തികളേറ്റെടുത്ത് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ പാലിക്കുന്നുണ്ട്.

## 3-4 ആട്ടിൻകുട്ടി വളർത്തൽ പദ്ധതി (ടി.എസ്.പി.) അപാകതകൾ - തടസ്സം 30000/-

| | |
|---|---|
| പദ്ധതി നം. | 29/2017 |
| അടങ്കൽ | 365000/- |
| ചെലവ് | 80000/- |
| ബിൽ നം. | 6/16-17 തീയതി 31.3.2017 രൂപ 50000/- |
| ബിൽ നം. | 8/16-17 തീയതി 31.3.2017 രൂപ 30000/- |
| നിർവഹണം | വെറ്റിനറി സർജൻ |

വെറ്റിനറി സർജൻ നടപ്പിലാക്കിയ ടി പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ടി പദ്ധതിപ്രകാരം സബ്സിഡി 5000/- രൂപ വീതം 16 ഗുണഭോക്താക്കൾക്ക് നൽകാനാണ് ഉദ്ദേശിച്ചിരുന്നത്. ഇതിൽ 14 വ്യക്തികളുടെ അപേക്ഷ മാത്രമേ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളു.
2. രണ്ടു ബില്ലുകളിലായി യഥാക്രമം 50000/- രൂപയും 30000/- രൂപയും പിൻവലിച്ചിട്ടുണ്ട്. എന്നാൽ 50000/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത് . 30000/- രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
3. ആകെ 16 ഗുണഭോക്താക്കളിൽ ശ്രീമതി ചന്ദ്രിക, ശ്രീമതി ഷീന ജെ., ശ്രീമതി പ്രീതാകുമാരി , ശ്രീമതി സുഭദ്ര എന്നീ ഗുണഭോക്താക്കൾക്കും, അപേക്ഷ നൽകാത്ത മറ്റ് രണ്ട് ഗുണഭോക്താക്കൾക്കും ഉൾപ്പെടെ 6 പേർക്ക് സബ്സിഡി തുക നൽകിയതിന്റെ (30000/-) വിവരങ്ങളാണ് ലഭ്യമാക്കാത്തത്. ഇവർക്ക് സബ്സിഡി അനുവദിച്ച മാനദണ്ഡം, ബാങ്ക് സ്റ്റേറ്റ്മെന്റ്, പാസ്സ്ബുക്കിന്റെ കോപ്പി എന്നിവ ലഭ്യമാക്കിയില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (ന.21/17) മറുപടിയായി ആട്ടുകൾ വിതരണം ചെയ്ത വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് പണം ട്രാൻസ്ഫർ ചെയ്തുവെന്നും രേഖകൾ ഹാജരാക്കിയെന്നും മറ്റുമാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ 30000/- രൂപ ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ ഇനിയും ലഭ്യമാക്കിയിട്ടില്ല. ടി തുക ഓഡിറ്റ് തടസ്സം ചെയ്യുന്നു.

## 3-5 വയോജനങ്ങൾക്ക് പ്രത്യേക ഗൃഹ പരിപാലന പദ്ധതി - അപാകതകൾ - തടസ്സം 78939/-

| | |
|---|---|
| പദ്ധതി നം. | 143/16-17 |

| | |
|---|---|
| അടങ്കൽ | 300000/- |
| ചെലവ് | 281230/- |
| ബിൽ നം. | 6/16-17 തീയതി 31.3.2017 രൂ. 281230/- |
| നിർവഹണം | മെഡിക്കൽ ഓഫിസർ സി.എച്ച്.സി. |

മേൽ സൂചിപ്പിച്ച പദ്ധതികൾക്ക് 191000/- രൂപ പിൻവലിച്ച് മരുന്ന് വാങ്ങുന്നതിന് വേണ്ടി കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡ് നെടുമങ്ങാട് (കാരുണ്യ) എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ നിന്നും 1,12,061/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായുള്ളു എന്ന് ബോധ്യപ്പെട്ടു. 78,939/- രൂപയുടെ മരുന്ന് ഇനിയും ലഭിക്കുവാനുണ്ട്. ഈ തുക ഓഡിറ്റ് തടസ്സം ചെയ്യുന്നു. ടി അപാകത ഓഡിറ്റ് എൻക്വയറി നം. 7/2017 തീയതി 4.10.2017 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തിയിരുന്നു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് വകയിരുത്തിയ പദ്ധതികൾക്ക് ചെലവ് നടത്തിയിട്ടില്ല.

2016-17 സാമ്പത്തിക വർഷം എച്ച്. എം. നിർവഹണ ഉദ്യോഗസ്ഥനായി 14 പദ്ധതികൾക്ക് (സ്പിൽ ഓവർ ഉൾപ്പെടെ) 2210990/- രൂപയ്ക്ക് പദ്ധതി അടങ്കൽ ചെയ്തിരുന്നു. എന്നാൽ ഒരു പദ്ധതിക്കു പോലും തൻവർഷം തുക ചെലവഴിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 26) മറുപടി ലഭ്യമാക്കിയില്ല. ഇത്തരത്തിൽ പദ്ധതികൾക്ക് തുക അടങ്കൽ വയ്ക്കുകയും അത് നടപ്പിലാക്കാതിരിക്കുകയും ചെയ്യുക എന്നത് ഗുരുതരമായ വീഴ്ചയാണ്. ഭാവിയിൽ ഇത്തര് അപാകതകൾ ഒഴിവാക്കേണ്ടതാണ്. ടി വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

## 3-7 ആട് വളർത്തൽ - എസ്.സി.പി. - അപാകതകൾ - തടസ്സം 6000/- രൂപ

| | |
|---|---|
| പദ്ധതി നം. | - 146/17 |
| അടങ്കൽ | - 320000/- |
| ചെലവ് | - 240000/- |
| ബിൽ നം. | - 3/16-17 തീയതി 31.3.2017, 195000/- |
| | - 11/16-17 തീയതി 31.302017, 42000/- |
| നിർവഹണം | - വെറ്റിനറി സർജൻ |

ടി പദ്ധതി പ്രകാരം 16 ഗുണഭോക്താക്കൾക്കായി 15000/- രൂപ സബ്സിഡി വീതം ആകെ 240000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകത ശ്രദ്ധയിൽപ്പെട്ടു.

ആകെ 16 ഗുണഭോക്താക്കൾക്ക് സബ്സിഡി തുക ചെലവഴിച്ചതിൽ 12 ഗുണഭോക്താക്കൾക്ക് വേണ്ടി തുക

ട്രാൻസ്ഫർ ചെയ്തതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റും രേഖകളും മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. 4 ഗുണഭോക്താക്കൾക്ക് നൽകിയ സബ്സിഡി വിവരങ്ങൾ ലഭ്യമാക്കിയില്ല.

മേൽ സൂചിപ്പിച്ച അപാകത ഓഡിറ്റ് എൻക്വയറി നം. 21/17 പ്രകാരം നിരവഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ രേഖകൾ ഹാജരാകാത്ത 4 ഗുണഭോക്താക്കൾക്ക് നൽകിയ സബ്സിഡി തുക 60000/- (4 x 15000/- രൂപ ) രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു. ഓഡിറ്റിൽ പരാമർശിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല – 2,40,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലായി മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡ് ഒന്നിന് ശുചിത്വ മിഷൻ ഫണ്ടിന്റെ വിഹിതമായ 10,000/- രൂപയും തനത് ഫണ്ട് വിഹിതമായ 5,000/- രൂപയും ചേർത്ത് 15,000/- രൂപ വച്ച് 2,70,000/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ സി.എച്ച്.സി., ആര്യനാട് (ചെക്ക് നം. 726528/4.6.2016) കൈമാറിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഒന്നും ഹാജരാക്കാത്തതിൽ 6.10.2017ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 22 ന് ഗ്രാമപഞ്ചായത്തിലെ 2 വാർഡുകളുടെ - ഇറവൂർ, കാഞ്ഞിരംമൂട് ചെലവ് രേഖകൾ ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുകയുണ്ടായി. ബാക്കി 16 വാർഡുകളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി വാർഡുകളിൽ ചെലവഴിച്ച 15000 x 16 = 2,40,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ ചെലവു രേഖകൾ ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 ആയുർവ്വേദ ആശുപത്രിക്ക് ഡി.ഡി.പ്രകാരമുള്ള മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല- 115435 /-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | -05/2017 |
| പ്രോജക്ട് പേര് | -ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് അടങ്കൽ | -310000/- |
| പ്രോജക്ട് ചെലവ് | - 310000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | - സെക്രട്ടറി |
| ബിൽ നം. | -17/16-17. തീയതി.17/01/17 തുക 300000/- |
| ഡി.ഡി.നം. | - 004054 തീയതി.4/10/16 തുക 10000/- |
| ഡി.ഡി.നം. | -436344 തീയതി.17/01/17 തുക 300000/- |

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കുവാൻ 2016-17വർഷം 310000/- രൂപ പിൻവലിച്ച് മേൽ സൂചിപ്പിച്ച ഡി.ഡി.കൾ പ്രകാരം ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ, തൃശ്ശൂർ എന്ന സ്ഥാപനത്തിന് അയച്ചതിൽ നാളിതുവരെയായി 1,94,565/-രൂപയുടെ മരുന്ന് മാത്രമാണ് ആശുപത്രിക്ക് ലഭിച്ചിട്ടുള്ളത്. 1,15,435/-രൂപയുടെ മരുന്ന് ഔഷധിയിൽനിന്നും ആശുപത്രിക്ക് ഇനിയും ലഭിക്കുവാനുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ 1,15,435/- രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു.മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-10 തെരുവുവിളക്ക് ലൈൻ നീട്ടൽ–കെ.എസ്.ഇ.ബി.യിൽ നിന്നും കൈപ്പറ്റ് രസീത്,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു. 1668600/-രൂപാ

| | |
|---|---|
| പ്രോജക്ട് നം. | -08/2017 |
| പ്രോജക്ട് പേര് | - തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ |
| പ്രോജക്ട് അടങ്കൽ | - 1668600/- |
| പ്രോജക്ട് ചെലവ് | - 1668600/- |
| നിർവ്വഹണോദ്യോഗസ്ഥൻ | - സെക്രട്ടറി |
| ബിൽ നം. | - 25/16-17. തീയതി.16/03/17 തുക 168600/- |
| ബിൽ നം. | - 26/16-17. തീയതി.16/03/17 തുക 1500000/- |
| ഡി.ഡി. നം. | - 436590തീയതി.17/03/17 തുക 700000/ |
| ഡി.ഡി. നം. | - 436591 തീയതി.17/03 /17തുക 968600/- |

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കലിനു വേണ്ടി രൂപീകരിച്ച ഈ പദ്ധതി പ്രകാരം അസിസ്റ്റൻറ് എഞ്ചിനീയർ കെ.എസ്.ഇ.ബി. ആര്യനാട് പേർക്ക് 96,86,000/-രൂപയും അസിസ്റ്റൻറ് എഞ്ചിനീയർ കെ.എസ്.ഇ.ബി. തൊളിക്കോട് പേർക്ക് 7,00,000/-രൂപയും നല്കിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ച വിനിയോഗ സാക്ഷ്യപത്രം കെ.എസ്.ഇ.ബി.ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 16,68,600/-രൂപാ ഓഡിറ്റ് തടസ്സം ചെയ്യുന്നു.

## 3-11 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - അപാകതകൾ - 86409/ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | -14/2017 |
| പ്രോജക്ട് പേര് | - ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| പ്രോജക്ട് അടങ്കൽ | -200000/- |
| പ്രോജക്ട് ചെലവ് | - 86409/- |
| നിർവ്വഹണോദ്യോഗസ്ഥൻ | - സെക്രട്ടറി |
| ബിൽ നം. | - 15/16-17. തീയതി.29/12/16 തുക 86409/- |
| ഡി.ഡി നം. | - 436313തീയതി. 07/01/17 തുക 86409/ |

മേൽ പദ്ധതി പ്രകാരം വിവിധ വാർഡുകളിൽ ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി അസിസ്റ്റൻറ് എഞ്ചിനീയർ കെ.എസ്.ഇ.ബി. ആര്യനാട് പേർക്ക് 86409/-രൂപ നല്കിയിട്ടുണ്ട്. എന്നാൽ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ കെ.എസ്.ഇ.ബി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ ചെലവഴിച്ച86,409/-രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു.

## 3-12 വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ-തുക വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | -82/2017 |
| പ്രോജക്ട് പേര് | - വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ |
| പ്രോജക്ട് അടങ്കൽ | -152600/- |
| പ്രോജക്ട് ചെലവ് | - 24780/- |
| നിർവ്വഹണോദ്യോഗസ്ഥൻ | - സെക്രട്ടറി |
| ബിൽ നം. | - 22/16-17. തീയതി.14/03/17 തുക 24780/- |
| ഡി..ഡിനം. | -436593തീയതി.17/03/17 തുക 24780/ |

മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം 24780/-രൂപാ പിൻവലിച്ച് ആര്യനാട് വാട്ടർ അതോറിറ്റിയുടെ ഓഫീസിൽ നല്കാൻ 17/03/17 ൽ ഡി.ഡി ആക്കി മാറ്റുകയും പിന്നീട് 15/06/17ൽ ഡിഡി ക്യാൻസൽ ചെയ്ത് തുക തനത് ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. ശേഷം 07/07/17ൽ ടി തുക ചെക്കാക്കി മാറ്റി (ചെക്ക് നം 338തീയതി 07/07/17) നാളിതുവരെയും വാട്ടർ അതോറിറ്റിക്ക് കൈമാറാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 03 തീയതി. 04.10.2017 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടപ്പോൾ തുക ഒടുക്കു വരുത്തേണ്ടത് അരുവിക്കര വാട്ടർ അതോറിറ്റിയിൽ ആണെന്നും, അരുവിക്കര വാട്ടർ അതോറിറ്റിയുടെ അനുമതി ഇല്ലാതെയാണ് ആര്യനാട് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും ആയതിനാൽ തുക സ്വീകരിക്കാൻ കഴിയില്ലാ എന്ന് അരുവിക്കര വാട്ടർ അതോറിറ്റി അറിയിച്ചതായുമാണ് മറുപടി ലഭ്യമാക്കിയത്. ആയതിനാൽ ടി വിഷയം ഭരണസമിതി ഗൗരവമായി ചർച്ച ചെയ്യേണ്ടതും വാട്ടർ അതോറിറ്റിക്ക് തുക കൈമാറി പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-13 പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കൽ-അപാകതകൾ-ആദായ നികുതി നഷ്ടം **1264/-** രൂപാ .തടസ്സം **38171/-**രൂപ

| | |
|---|---|
| പ്രോജക്ട് നം. | -142/2017 |
| പ്രോജക്ട് അടങ്കൽ | -600000/- |
| പ്രോജക്ട് ചെലവ് | - 520890/- |
| നിർവ്വഹണോദ്യോഗസ്ഥൻ | - മെഡിക്കൽ ഓഫീസർ. സി.എച്ച്.സി. |
| ബിൽ നം. | - 01/16-17. തീയതി.23/11/16 തുക 124000/- |
| ബിൽ നം. | - 02/16-17. തീയതി.20/01/17 തുക 10000/- |
| ബിൽ നം. | - 03/16-17. തീയതി.08/03/17 തുക 71750/- |
| ബിൽ നം. | - 04/16-17. തീയതി.30/03/17തുക 315140/- |

പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുന്നതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ശ്രീ.സുരേഷ് കുമാർ എന്ന വ്യക്തിയുടെ KL AS 6700 എന്ന അംബാസഡർ കാർ ടി പദ്ധതിക്കായി കരാറിലെടുത്തിട്ടുണ്ട്. എന്നാൽ ഡ്രൈവർമാരിൽ നിന്നും മത്സരാധിഷ്ഠാനത്തിൽ ക്ഷണിച്ച ക്വട്ടേഷനുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
2. പാലിയേറ്റീവ് കെയറിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വാഹനം ഓടിച്ച വകയിൽ ഡ്രൈവർക്കു 2016-17 വഷത്തിൽ 1,26,400/-രൂപ നൽകിയിട്ടുണ്ട്. ഇങ്ങനെ തുക നൽകുമ്പോൾ ആദായ നികുതി നിയമം സെക്ഷൻ 194 സി അനുസരിച്ചുള്ള ആദായ നികുതി ടിയാനിൽ നിന്നും ഈടാക്കിയില്ല. ഈയിനത്തിൽ 1264/- രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ നഷ്ടമായ 1,264/-രൂപ ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്
3. ടി പദ്ധതിക്കായി മരുന്ന് വാങ്ങാൻ കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് നെടുമങ്ങാട് (കാരുണ്യ) എന്ന സ്ഥാപനത്തിന് 2,07,672/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ 1,69,501/-രൂപായുടെ മരുന്ന മാത്രമെ ലഭ്യമായിട്ടുള്ളൂ. 38,171/-രൂപയുടെ മരുന്ന് ഇനിയും ആശുപത്രിക്ക് ലഭിക്കുവാനുണ്ട്. ടി ചെലവ് തുക ഓഡിറ്റ് തടസ്സം ചെയ്യുന്നു.

മേൽ സൂചിപ്പിച്ച അപാകതകൾ ഓഡിറ്റ് എൻക്വയറി നം 07/2017 പ്രകാരം നിർവ്വഹണോദ്യോഗസ്ഥനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്.

## 3-14 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തതുമൂലം നഷ്ടം.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനത്തിൽ കവിയാത്ത തുക കളക്ഷൻ ചാർജ് ഇനത്തിൽ പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്.ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 47,947/- രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു. എന്നാൽ ആയതിന്റെ കളക്ഷൻ ചാർജ് (ആകെ ഒടുക്കു വരുത്തിയ തുകയുടെ 1%) ഈടാക്കിയിട്ടില്ല. കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-15 തനത് വരുമാനം ഒറ്റ അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ്

സർക്കുലർ നം. 58725/എഫ്.എം.3 2008/ത.സ്വ.ഭ.വ തീയതി.26.05.2011 പ്രകാരം തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ, സഹകരണ ബാങ്കിലോ ഉള്ള ഒറ്റ അക്കൗണ്ടിൽ മാത്രമേ സൂക്ഷിക്കാൻ പാടുള്ളൂ. എന്നാൽ ആര്യനാട് ഗ്രാമപഞ്ചായത്തിലെ തനത് വരുമാനം നാല് അക്കൗണ്ടുകളിലായാണ് സൂക്ഷിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | അക്കൗണ്ട് | നീക്കിയിരുപ്പ് (as on 31.03.2017) |
|---|---|---|
| 1 | കാനറാ ബാങ്ക് (A/c no. 1466101004416) | 596495/- |
| 2 | ആര്യനാട് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് (A/c no................................ ) | 8,657/- |
| 3 | ഡിസ്ട്രിക്റ്റ് കോപ്പറേറ്റീവ് ബാങ്ക് (A/c no. 20671201200001) | 2996157/- |

| | | |
|---|---|---|
| 4 | എസ്.ബി.റ്റി. വെള്ളനാട് (A/c no. 67382485378 ) | 41,74,680/- |

തനത് വരുമാനം ഒറ്റ അക്കൌണ്ടിലേക്ക് മാറ്റാൻ വേണ്ട തുടർനടപടി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-16 അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചിട്ടില്ല

ധനകാര്യപത്രിക പരിശോധിച്ചതിൽ വിവിധ ഇനങ്ങളിൽ നൽകിയ അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ലാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | അഡ്വാൻസ് തുക |
|---|---|---|
| 1 | Temporary Advance for official purpose | 1500/- |
| 2 | TA Advance | 1200/- |
| 3 | Advance to implementing officer | 220856/- |
| 4 | Others Advances | 200000/- |
| 5 | Electricity Deposit | 2322/- |

ജി.ഒ(പി) 419/2011/ഫിൻ തീയതി.04.10.2011 നം. സർക്കാർ ഉത്തരവ് പ്രകാരം അഡ്വാൻസായി കൈപ്പറ്റിയ തുക, അനുബന്ധ രേഖകൾ ഹാജരാക്കി മൂന്നുമാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം 18% പിഴപ്പലിശയുൾപ്പെടെ തിരിച്ചു പിടിക്കേണ്ടതുമാണ്. എന്നാൽ ആര്യനാട് ഗ്രാമപഞ്ചായത്തിൽ മേൽ തുകകൾ സംബന്ധിച്ച യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് തുക അതാത് വ്യക്തികളിൽ നിന്നും പിഴപ്പലിശയുൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 3-17 ശുചിത്വകക്കൂസ് നിർമ്മാണം- തുക മുൻകൂർ പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

438 ഗുണഭോക്താക്കൾക്ക് ശുചിത്വകക്കൂസ് നിർമ്മാണത്തിനായി വി.ഇ.ഒ(2) നിർവ്വഹണ ഉദ്യോഗസ്ഥനായി രണ്ട് പ്രോജക്ടുകളാണ് 2016-17-ൽ വിഭാവനം ചെയ്തിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 1/17 (കക്കൂസ് നിർമ്മാണം (ഒ.ഡി.എഫ്)) |
| അടങ്കൽ | -5852000 (2926000 - വികസന ഫണ്ട് (ജനറൽ), |
| | 2926000 - ധന.കമ്മീ. ഗ്രാന്റ്)) |
| ചെലവ് | - 5852000 |
| | (ബിൽ നം. - 1/VEO/KTLA/16-17 dtd.18.08.16 – 13,86,000/- |
| | 2/VEO/KTLA/16-17 dtd.03.09.16 – 15,40,000/- |
| | 3/VEO/KTLA/16-17 dtd.22.09.16 – 23,10,000/- |
| | 5/VEO/KTLA/16-17 dtd.26.10.16 – 5,00,500/- |
| | 9/VEO/KTLA/16-17 dtd.22.02.17 – 1,15,500/-) |

| | |
|---|---|
| പ്രോജക്റ്റ് നം. | 237/17 (കക്കൂസ് നിർമ്മാണം (ഒ.ഡി.എഫ്) അക എണ്ണം) |
| അടങ്കൽ | - 893200(ധന.കമ്മീ. ഗ്രാന്റ്) |
| ചെലവ് | - 893200 |
| | (ബിൽ നം. 4/VEO/KTLA/16-17 dtd.26.09.16 – 4,46,600/- |
| | 6/VEO/KTLA/16-17 dtd.07.12.16 – 2,23,300/- |
| | 7/VEO/KTLA/16-17 dtd.17.01.17 – 2,23,300/- |

മേൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിലേക്കായി അടങ്കൽ തുക മുഴുവനും പിൻവലിച്ച് വി.ഇ.ഒ (കൊക്കൊട്ടേല സർക്കിൾ)ന്റെ അക്കൗണ്ടിൽ (Canara Bank A/c no. 1466101009929) സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. മേൽ അക്കൗണ്ടിലെ 31.03.2017-ലെ നീക്കിയിരിപ്പ് 2,87,928/- രൂപയാണ് (ഓഡിറ്റ് കാലയളവിൽ 99,084/- രൂപയുടെ നീക്കിയിരിപ്പുണ്ട്). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടി തൃപ്തികരമല്ല. ജി.ഒ.(പി) 119/2015 ധന തീയതി 21.03.2015 സർക്കാർ ഉത്തരവ് പ്രകാരം ഭാവിയിൽ ചെലവുവരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടുള്ളതല്ല. സർക്കാർ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി തുക മുൻകൂർ പിൻവലിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഒൻപത് ഗുണഭോക്താക്കൾ നാളിതുവരെ മുഴുവൻ തുകയും കൈപ്പറ്റി പണി പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കൾ അടിയന്തിരമായി പണി പൂർത്തിയാക്കാത്തപക്ഷം മുഴുവൻ തുകയും തിരികെയീടാക്കേണ്ടതാണ്.

## 3-18 വി.ഇ.ഒ. ഒറിജിനൽ ബിൽബുക്ക് സൂക്ഷിക്കുന്നില്ല

വി.ഇ.ഒ (കൊക്കേട്ടേല സർക്കിൾ) 2016-17 -ലെ Original Bill Book ന് പകരം Duplicate Bill Book ആണ് സൂക്ഷിച്ചിട്ടുള്ളത്. Duplicate Bill Book-ൽ 30.03.17 ന് മുൻപ് മാറിയ ബിൽ തുകകൾ (ആകെ 71,85,700/-രൂപ) ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സാമ്പത്തികവർഷാവസാനം തിരക്കായതിനാൽ ഏപ്രിൽ 20-ന് ശേഷം ബില്ലിന്റെ പകർപ്പ് സഹിതം ട്രഷറിയിൽ ഹാജരാക്കിയിരുന്നെന്നും എന്നാൽ ഈ സമയത്തുണ്ടായിരുന്ന പുതിയ ട്രഷറി ഓഫീസർ ചാർജ്ജെടുക്കുന്നതിനു മുൻപുള്ള പഴയബില്ല് മാറിയതായി സാക്ഷ്യപ്പെടുത്താനാവില്ലായെന്നറിയിച്ചുവെന്നും മറുപടി നൽകിയിട്ടുണ്ട്. ആയത് അംഗീകരിക്കാവുന്നതല്ല. ബിൽബുക്ക് നഷ്ടപ്പെട്ട വിവരം യഥാസമയം ഭരണസമിതിയുടേയും, സെക്രട്ടറിയുടേയും ശ്രദ്ധയിൽ കൊണ്ടുവരാത്ത നടപടി ഗുരുതരമായ വീഴ്ചയാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-19 ഗുണഭോക്തൃലിസ്റ്റിലില്ലാത്തവർക്ക് സബ്സിഡിയനുവദിച്ചു

2016-17 -ൽ കൃഷി ഓഫീസർ നടപ്പാക്കിയ റ്റി.എസ്.പി. പ്രോജക്ടുകളായ ജൈവ പച്ചക്കറികൃഷി, വാഴകൃഷി എന്നിവയിൽ ഗുണഭോക്തൃലിസ്റ്റിലുൾപ്പെടാത്ത മൂന്ന് പേർക്ക് സബ്സിഡിയനുവദിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് | ഗുണഭോക്താവിന്റെ പേര് | ആകെ സബ്സിഡി |
|---|---|---|---|---|
| 124/17 (ജൈവ പച്ചക്കറികൃഷി വികസനം (ടി.എസ്.പി)) | 100000 (വികസന ഫണ്ട് (ടി.എസ്.പി)) | 10000 | ശ്രീമതി സുകുമാരി, ബി.എസ് ഭവൻ, തേവിയാർകുന്ന് | 2000 |

| | | | | |
|---|---|---|---|---|
| | | | ശ്രീമതി ഷൈലജ, ദില്യ കോട്ടേജ്, പന്നിക്കാല | 2000 |
| 127/17 (വാഴ കൃഷി (ടി.എസ്.പി)) | 50000 (വികസന ഫണ്ട് (ടി.എസ്.പി) | 50000 | ശ്രീമതി നിഷ.എം, അനീഷ് ഭവൻ, പറണ്ടോട് | 1250 |
| ആകെ | | | | **5250/-** |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഗുണഭോക്തൃലിസ്റ്റിൽ ആവശ്യത്തിന് ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടില്ലാതിരുന്ന സാഹചര്യത്തിൽ മേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ പഞ്ചായത്ത് സമിതി നിർദ്ദേശിക്കുകയും, ഗുണഭോക്താക്കൾക്ക് ഗ്രാമസഭയുടെ സാധൂകരണം വാങ്ങി നൽകാമെന്ന് അറിയിച്ചതിനാലുമാണ് (20.03.2017-ലെ I(18)-ാം നം. തീരുമാനം) ആനുകൂല്യം നൽകിയതെന്ന് മറുപടി നൽകിയിരിക്കുന്നു. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടിക വർഗ്ഗ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റിന് ഊരുകൂട്ടത്തിൽ വച്ച് അംഗീകാരം വാങ്ങിയിരിക്കണം. സർക്കാർ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി മുൻഗണനാ ലിസ്റ്റിലുൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-20 <u>ആട് വളർത്തൽ - ജനറൽ - അപാകതകൾ - തടസ്സം - 108000/- രൂപ</u>

| | |
|---|---|
| പദ്ധതി നം. | 147/16-17 |
| അടങ്കൽ | 1368000/- |
| ചെലവ് | 444000/- |
| നിർവഹണം | വെറ്റിനറി സർജൻ |
| ബിൽ നം. | 4/16-17 തീയതി 31.3.2017 - 336000/-<br>10/16-17 തീയതി 31.3.2017 – 84000/-<br>9/16-17 തീയതി 31.3.2017 – 24000/- |

വെറ്റിനറി സർജൻ നിർവഹണം നടത്തിയ ആട്ടു വളർത്തൽ, വനിതകൾ, ജനറൽ പദ്ധതി പ്രകാരം 37 ഗുണഭോക്താക്കൾക്ക് 12000/-സബ്സിഡി തുക വീതം ആകെ 4,44,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ആകെ 37 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചതിൽ 36 ഗുണഭോക്താക്കളുടെ അപേക്ഷ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. ഒരു ഗുണഭോക്താവിന്റെ അപേക്ഷ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2) 37 ഗുണഭോക്താക്കളിൽ 28 ഗുണഭോക്താക്കൾക്കു വേണ്ടി തുക ചെലവഴിച്ചതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയത്.

3) ഈ പദ്ധതി പ്രകാരം 9 ഗുണഭോക്താക്കൾക്കു വേണ്ടി തുക ചെലവഴിച്ചതിന്റെ രേഖകൾ (ബാങ്ക് സ്റ്റേറ്റ്മെന്റ്, പാസ് ബുക്കിന്റെ കോപ്പി, തുക കൈപ്പറ്റിയ വ്യക്തിയുടെ കൈപ്പറ്റ് രസീത് ) ഹാജരാക്കിയിട്ടില്ല.

4) ഗുണഭോക്താക്കളിൽ നിന്നും സ്വീകരിച്ചിട്ടുള്ള എഗ്രിമെന്റ് പേപ്പറുകളിൽ വ്യവസ്ഥകൾ രേഖപ്പെടുത്താതെ ശൂന്യമായി സൂക്ഷിച്ചിരിക്കുന്നു.

ടി അപാകതകൾ ഓഡിറ്റ് എൻക്വയറിയിലൂടെ (നം. 21/17) നിരവഹണ ഉദ്യോഗസ്ഥനെ രേഖപ്പെടുത്തിയിട്ടും

രേഖകൾ ലഭ്യമാക്കിയില്ല. ആയതിനാൽ 9 ഗുണഭോക്താക്കൾക്ക് വേണ്ടി ചെലവഴിച്ച 108000/- (9x12000) രൂപ തടസ്സം ചെയ്യുന്നു.

## 3-21 മുട്ടക്കോഴി വളർത്തൽ - വനിത- ടി.എസ്.പി. രേഖകൾ ഹാജരാക്കിയില്ല – തടസ്സം 11250/-

| | |
|---|---|
| പദ്ധതി നം. | 31/2017 |
| അടങ്കൽ | 136360/- |
| ചെലവ് | 11250/- |
| നിർവഹണം | 12/16-17 തീയതി 31.3.2017 |
| നിർവഹണം | വെറ്റിനറി സർജൻ |

2016-17 ൽ സ്പിൽ ഓവറായി നടപ്പിലാക്കിയ ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ അപേക്ഷ, ജാതി സർട്ടിഫിക്കറ്റുകൾ, എഗ്രിമെന്റുകൾ, സബ്സിഡി തുക നൽകിയതിന്റെ മാനദണ്ഡം, ബാങ്ക് സ്റ്റേറ്റ്മെന്റ്, കൈപ്പറ്റ് രസീതുകൾ തുടങ്ങി യാതൊരു രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/17) രേഖകൾ ഹാജരാക്കിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയെങ്കിലും ടി പദ്ധതി സംബന്ധിക്കുന്ന യാതൊരു രേഖകളും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ടി രേഖകൾ ഹാജരാക്കാൻ നിർവഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് കഴിയുന്നതുവരെ സമയപരിധി നൽകിയിരുന്നു. അനുവദിച്ച സമയപരിധിക്കുള്ളിലും രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക 11,250/- രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്/നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഇല്ല | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റിസ്ഥാപിക്കൽ | 86409 | 86409 | 0 |
| 2 | കെ.എസ്.ഇ.ബി | തെരുവുവിളക്ക് ലൈൻ നീട്ടൽ | 968600 | 968600 | 0 |

| | | | | | |
|---|---|---|---|---|---|
| 3 | കെ.എസ്.ഇ.ബി | തെരുവുവിളക്ക് ലൈൻ നീട്ടൽ | 700000 | 700000 | 0 |
| 4 | കെ.ഡബ്ല്യു.എ | പൈപ്പ് ലൈൻ നീട്ടൽ | 24780 | 0 | 24780 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | സ.ഉ(കൈ) നം.207/2010 ത.സ്വ.ഭ.വ തീയതി 11.03.2010 | 19468500 | 7787400 | 1946850 | - | 5840550 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 4.1.7 | 2014-15 | | പ്രവർത്തനം ഇല്ലാത്ത കുടിവെള്ള പദ്ധതികൾ | പണിപൂർത്തിയാക്കി. (വാട്ടർ സപ്ലൈ സ്കീം പണി പൂർത്തിയാക്കി 22 പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ളം നൽകിവരുന്നു) |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

***(എ)** സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പുൾപ്പെടെ) | : | 6,91,35,704/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 51149156/- |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 14,860/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 24,36,804/- |

***(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം***

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 13596 | ശ്രീ. സതീഷ് കുമാർ,<br>അസിസ്റ്റന്റ് എൻജിനീയർ |
| 3-13 | | 1264 | ഡോ. പ്രകാശ്,<br>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 30000 | ഡോ.ഹരികൃഷ്ണൻ, വെറ്ററിനറി സർജൻ |
| 3-5 | 78939 | ഡോ.പ്രകാശ്, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 3-7 | 60000 | ഡോ.ഹരികൃഷ്ണൻ, വെറ്ററിനറി സർജൻ |
| 3-8 | 240000 | ഡോ.പ്രകാശ്, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 3-9 | 115435 | ശ്രീ.മോഹനൻ ചെട്ടിയാർ ,സെക്രട്ടറി |
| 3-10 | 1668600 | ശ്രീ.മോഹനൻ ചെട്ടിയാർ ,സെക്രട്ടറി |
| 3-11 | 86409 | ശ്രീ.മോഹനൻ ചെട്ടിയാർ ,സെക്രട്ടറി |

| | | |
|---|---|---|
| 3-13 | 38171 | ഡോ.പ്രകാശ്, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 3-20 | 108000 | ഡോ.ഹരികൃഷ്ണൻ, വെറ്ററിനറി സർജൻ |
| 3-21 | 11250 | ഡോ.ഹരികൃഷ്ണൻ, വെറ്ററിനറി സർജൻ |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീ. സതീഷ് കുമാർ. എ.ഇ. | "ചുനക്കര പുത്തൻവീട്, കല്ലാർ (പി.ഒ.) വിതുര – 695551 |
| ഡോ. പ്രകാശ്, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | "ശ്രീവത്സം", മുളംകോട് , കാട്ടാക്കട |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95, 1995-96 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6(സി)621/96 17.7.2014 | 1 | |
| 1997-98 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6(സി) 1720/2000 17.7.2014 | 2 | |
| 1999-00 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6(സി)/ 1004/2000 17.7.2014 | 1 | |
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി 6.(സി)322/2002 17.7.2014 | 5 | |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6(സി)/257/2003 17.7.2014 | 2 | |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1343/2003 | 4 | |

| | | | |
|---|---|---|---|
| | 17.7.2014 | | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1907/2005 17.7.2014 | 6 | |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി. 5/385/2015 3.11.2015 | 9 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1192/2008 17.7.2014 | 4 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി 5/385/2015 20.10.2015 | 11 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/342/2010 17.7.2014 | 6 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1942/2011 8.10.2014 | 5 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1943/2011 8.10.2013 | 7 | |
| 2010-11 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2290/ 2014 20.10.2015 | 16 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/875/2014 4.7.2014 | 11 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1333/2014 28.10.2014 | 9 | |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/61/2016 തീ.16.01.2016 | 9 | |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി/5/ 1359/2016 തീ.01.08.16 | 15 | |
| 2015-16 | നം.കെ.എസ്.എ. റ്റി.വി.എം.ജി.പി.5/2016/16 9.12.2016 | 17 | |

ഒപ്പ്/-
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

*ബി.എൽ. **26.10.2017***

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചയത്തിന്റെ **2016-17** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും ചുവടെചേർത്തിരിക്കുന്ന പരാമർശങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ ആര്യനാട് ഗ്രാമപഞ്ചയത്തിന്റെ **2016-17** ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം ഖണ്ഡിക 2-1 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

*ബിഎൽ.* ***26.10.2017***